## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 595 03.03.2020-ൽ മറുപടിയ്ക്ക്**

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാജേഷ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| വായ്പ എടുത്തവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി സഹകരണ വകുപ്പ് ഏത് മാസം മുതൽ ഏത് മാസം വരെയാണ് നടപ്പിലാക്കുന്നതെന്നും ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | വായ്പ എടുത്തവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ് നടപ്പിലാക്കുന്നത്.<br>സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നത്.<br>2019 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പകൾ ഉൾപ്പടെ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പ തീർപ്പാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**